മുദ്രകൾ

# ഫ്രീഡം ഫ്ളോട്ടിലയും ഇസ്രയേൽ മാധ്യമങ്ങളും

**അധിനിവേശ** ദുരിതത്തിൽ കഷ്ടപ്പെടുന്ന ഫലസ്തീൻ ജനതയെ സഹായിക്കാനായി ഗസ്സയെ ലക്ഷ്യമാക്കി നീങ്ങിയ ഫ്രീഡം ഫ്ളോട്ടില സമാധാന കപ്പൽ വ്യൂഹത്തെ ആക്രമിച്ച ഇസ്രയേലിന്റെ കിരാത നടപടിയെ ലോക വാർത്താമാധ്യമങ്ങൾ കടുത്ത ഭാഷയിലാണ് അപലപിച്ചത്. ഇക്കാര്യം ഇസ്രയേൽ മാധ്യമങ്ങൾ കൈകാര്യം ചെയ്തത് കൗതുകമുണർത്തും.




തുടക്കം മുതൽ തന്നെ ഇതു സംബന്ധിച്ച വാർത്തകളും വസ്തുതകളും പുറംലോകം അറിയാതിരിക്കാൻ ഇസ്രയേൽ സൈന്യം അതീവജാഗ്രത പാലിച്ചിരുന്നു. സമാധാന കപ്പൽ പിടിച്ചെടുത്തതിന് ശേഷം മാധ്യമപ്രവർത്തകരുടെ പ്രവേശനം നിരോധിച്ചുകൊണ്ട് ഉത്തരവിറക്കിയതായി *ന്യൂയോർക്ക് ടൈംസ്* റിപ്പോർട്ട് ചെയ്യുകയുണ്ടായി. നിജസ്ഥിതി പുറത്തറിയാതിരിക്കാൻ അതീവ ശ്രദ്ധയോടെ എഡിറ്റ് ചെയ്ത വീഡിയോ ദൃശ്യങ്ങൾ മാത്രമേ സൈനിക വൃത്തങ്ങൾ പുറത്ത് വിട്ടിരുന്നുള്ളൂ. സായുധ റെയ്ഡിനെ ലോകരാഷ്ട്രങ്ങൾ അപലപിക്കുകയും പ്രതിഷേധിക്കുകയും ചെയ്തപ്പോൾ തെൽഅവീവിൽ കാര്യമായ ചലനങ്ങൾ ഉണ്ടായിരുന്നില്ല. തെൽഅവീവിലെ തുർക്കി എംബസിക്ക് നേരെ മുട്ടയേറ് നടന്നതായുള്ള വിചിത്ര റിപ്പോർട്ടുകൾ വരികയും ചെയ്തു. കിരാത നടപടിക്കെതിരെ ലോകമനഃസാക്ഷി പ്രതിഷേധിച്ചപ്പോൾ ഇസ്രയേൽ ജനത 'ഒന്നുമറിയാത്ത'വരായി സാധാരണ ജീവിതം നയിച്ചു. ആക്രമണം നടന്ന ആദ്യ മണിക്കൂറിൽ തന്നെ ഇസ്രയേൽ വാർത്താചാനലുകൾ സമാധാന കപ്പലിനെ ആയുധകപ്പലായി ചിത്രീകരിച്ച് വാർത്തകൾ പുറത്ത് വിട്ടുകൊണ്ടിരുന്നു. ഒരു പടി മുന്നോട്ട് കടന്ന് ചില ചാനലുകൾ സമാധാന കപ്പലിൽനിന്ന് തോക്കുപിടിച്ചെടുത്തതായി വാർത്തകൾ പടച്ചുണ്ടാക്കി. പിന്നീട് ഇസ്രയേൽ സൈന്യത്തെ സമാധാന സേന കൂട്ടമായി 'ആക്രമിച്ചതായി' ഇസ്രയേൽ സൈനിക വക്താവ് ആരോപിച്ചു. തുർക്കി കപ്പൽ വ്യൂഹമൊരുക്കിയ കെണിയിൽ 'നിസ്സഹായരായ' ഇസ്രയേൽ സേന വീണതായും മാധ്യമ വിശകലനങ്ങൾ വന്നു. ഇസ്രയേൽ സൈനിക വൃത്തങ്ങൾ നൽകിയ അവ്യക്തമായ ചിത്രങ്ങളോടെ ചൊവ്വാഴ്ച പുറത്തിറങ്ങിയ ഇസ്രയേൽ വലതുപക്ഷ പത്രം *മആരിവ്* (Ma'ariv) സംഭവത്തെക്കുറിച്ച് 'പരാജയം, വീരകൃത്യം' എന്ന് തലക്കെട്ടെഴുതി. സൈന്യത്തിന്റെ ആക്രമണത്തിൽ 9 സമാധാന പ്രവർത്തകർ മരിച്ചത്, ദൗത്യ സംഘത്തിന്റെ പരാജയമായും സൈന്യത്തിന്റെ വീരകൃത്യവുമായി പത്രം വിശദീകരിച്ചു. 'സൈനികനെ കപ്പൽ ഡിക്കിലേക്ക് തള്ളിയിട്ടു' എന്ന സഹതലക്കെട്ടും നൽകിയിരുന്നു *മആരിവ്.* ഇസ്രയേൽ സൈനിക നടപടിയുടെ സത്യസന്ധമായ ഒരു വാർത്തപോലും നൽകാതെ ഇസ്രയേൽ പത്രങ്ങൾ 'മിടുക്ക്' കാട്ടിയതായി ഇതുസംബന്ധമായ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. മുഴുവിഡ്ഢിത്തം എന്ന തല


ക്കെട്ടിൽ ഇസ്രയേലി പത്രപ്രവർത്തകൻ ബെൻകാസ്പിറ്റ് തന്റെ പ്രത്യേക കോളം തുടങ്ങിയതിങ്ങനെ: 'കൃത്യമായി പറഞ്ഞാൽ ഈ സംഭവത്തിൽ നാം വ്യക്തമായും ശരിയായ ദിശയിലാണ്.' മറ്റൊരു കോളമിസ്റ്റായ ഡാനിയേൽ പെപ്പ്സ് 'വിഡ്ഢികളുടെ നേതൃത്വം' എന്ന് സമാധാന ദൗത്യസംഘത്തെ വിലയിരുത്തി. ഒന്നാം പേജിലെ മറ്റൊരു പ്രധാന വാർത്തയായി ഇതേ പത്രം നൽകിയത് "കടുത്ത ആക്രമണത്തെ ഇസ്രയേൽ സൈന്യം പ്രതിരോധിച്ചു" എന്ന നെതന്യാഹുവിന്റെ പ്രസ്താവനയാണ്. മറ്റൊരു വലതുപക്ഷ പത്രമായ *യെഡിയറ്റ് ആക്രോനോട്ട്* (Yediot Achronot) 'കെണി' എന്ന് മാത്രം തലക്കെട്ടെഴുതി. 'കൂട്ട ആക്രമണമെന്ന് കരുതിയതായി സൈന്യം' എന്ന് സഹ ടൈറ്റിലും. ഏറ്റവും വിചിത്രമായത് അറബി ലിപികളിലുള്ള പച്ചതുണിയിൽ ചിതറികിടക്കുന്ന ചെറിയ അടുക്കള കത്തികളുടെ ചിത്രം അടിക്കുറിപ്പില്ലാതെ പ്രസിദ്ധീകരിച്ചതാണ്. പത്രപ്രവർത്തകനായ അലക്സ് ഫിഷ്മാൻ ആക്രമണത്തെ വിലയിരുത്തിയത് ശരിയും അത്യാവശ്യവുമായ നടപടിയായിട്ടാണ്. ആവശ്യമെങ്കിൽ ഇനിയും ഇത് തുടരണമെന്ന പക്ഷക്കാരനാണ് സൈനികകാര്യലേഖകനായ ഇദ്ദേഹം. കോളമിസ്റ്റ് അംനോൺ അവ്‌രാമോപിസ്റ്റിന്റെ വീക്ഷണത്തിൽ എല്ലാ പ്രശ്നങ്ങൾക്കും ഉത്തരവാദി ഹമാസ് മാത്രമാണ്. ഇസ്രയേലി പത്രങ്ങളിൽ ഏറെ പ്രചാരം നേടിയ *ഹാരെറ്റ്സ്* (Ha'aratez) 'ഇസ്രയേൽ സൈന്യത്തിന്റെ ലക്ഷ്യം കാണാത്ത ദൗത്യം അന്താരാഷ്ട്ര പ്രശ്നങ്ങൾക്ക് വഴിവെച്ചു' എന്ന് സാമാന്യം മിതമായ ഭാഷയിൽ തലവാചകമെഴുതി. ഇസ്രയേൽ സൈന്യം അതീവശ്രദ്ധയോടെ എഡിറ്റ് ചെയ്ത് പുറത്തുവിട്ട വീഡിയോ ദൃശ്യങ്ങളും വാർത്തകളുമാണ് അമേരിക്കൻ മാധ്യമങ്ങളിൽ തുടർച്ചയായി വന്നുകൊണ്ടിരുന്നത്.

വാഷിംഗ്ടൺ പോസ്റ്റ് ജൂൺ ഒന്നിന് പ്രസിദ്ധീകരിച്ച എഡിറ്റോറിയലിൽ സമാധാന കപ്പലിലെ യാത്രക്കാരെ തീവ്രവാദികൾ എന്നാണ് സംബോധന ചെയ്തത്. 'ഫ്ളോടില ദുരന്തം' എന്ന തലക്കെട്ടിലുള്ള മുഖ്യപ്രസംഗത്തിൽ, ഇസ്രയേലി സൈന്യം പൂർണമായി തയാറെടുത്തിരുന്നില്ല എന്നും കത്തികളും ഇരുമ്പ് ദണ്ഡുകളുമായി തീവ്രവാദികൾ സൈന്യത്തിന് ചുറ്റും അണിനിരന്നുവെന്നുമൊക്കെ വെച്ചുകാച്ചുന്നു. *ദ വീക്കിലി സ്റ്റാൻഡേർഡിൽ* ജോനാതൻ സ്കാൻഡർ എഴുതിയ *ദ ടെറർ ഫിനാൻസ് ഫ്ളോടില* (The terror fina-nce flotilla) എന്ന ലേഖനത്തിൽ സമാധാന കപ്പലിനുള്ള 'ഭീകര ഫണ്ടിംഗ്' എവിടെനിന്ന് എന്ന ആക്രോശമേയുള്ളൂ. ഇതിനും പേര് 'സത്യസന്ധവും നിർഭയവുമായ' പത്രപ്രവർത്തനം എന്ന് തന്നെ! ■

**നസീർ അയിരൂർ**

# ഇറാഖിന്റെ സാംസ്കാരിക ഉന്മൂലനം

**ഇറാഖ്** അധിനിവേശത്തെക്കുറിച്ച് നിരവധി പുസ്തകങ്ങൾ പുറത്തിറങ്ങിയിട്ടുണ്ട്. അവയിൽ ഒടുവിലത്തേതാകാം 2010–ൽ പുറത്തിറങ്ങിയ 'ഇറാഖിലെ സാംസ്കാരിക ശുദ്ധീകരണം' (Cultural Cleansing in Iraq) എന്ന കൃതി. 'എന്തുകൊണ്ട് മ്യൂസിയങ്ങൾ കൊള്ള ചെയ്യപ്പെട്ടു, ലൈബ്രറികൾ അഗ്നിക്കിരയായി, അക്കാദമീഷ്യന്മാർ കൊല ചെയ്യപ്പെട്ടു?' എന്നാണ് ഉപശീർഷകം. അധിനിവേശത്തിനിടയിൽ സ്വാഭാവികമായി സംഭവിച്ച ഒന്നായിരുന്നില്ല ഇറാഖിന്റെ പൈതൃകനശീകരണം. വളരെ കൃത്യമായ ആസൂത്രണം അതിന്റെ പിന്നിലുണ്ടായിരുന്നു. ഇസ്രയേലിന് ഭീഷണിയാകുന്ന ഏതു രാജ്യത്തെയും നശിപ്പിക്കുക എന്ന സയണിസ്റ്റ് – അമേരിക്കൻ ഗൂഢാലോചനയുടെ ഇരയായിരുന്നു ഇറാഖ്. ഒരു രാജ്യത്തെ നശിപ്പിക്കാൻ അതിന്റെ ഭൗതികശേഷി നശിപ്പിച്ചാൽ മതിയാവുകയില്ല. അതിന്റെ ബുദ്ധി സമ്പത്തിനെയും സാംസ്കാരിക പൈതൃകത്തെയും കൂടി ഇല്ലായ്മ ചെയ്യണം. ഇത് എളുപ്പമാക്കാനാണ് അധിനിവേശ ശക്തികൾ ദേശത്തിനകത്ത് കടുത്ത വിഭാഗീയതകൾ സൃഷ്ടിച്ചത്.




ഈ വിഭാഗീയത മൂർഛിച്ച് നിൽക്കെ, തസ്കര സംഘങ്ങളാണ് ഇറാഖിലെ മ്യൂസിയങ്ങളും ആർട്ട് ഗാലറികളും കൊള്ള ചെയ്തത്. തൊട്ടടുത്ത് അധിനിവേശ സേന ഉണ്ടാ

യിരുന്നെങ്കിലും അവരിത് കണ്ടതായി നടിച്ചില്ല. അവർ കൊള്ള ചെയ്യാനുള്ള സാഹചര്യമൊരുക്കി കൊടുത്തു എന്ന് വ്യക്തം. ഉയർന്ന പഠനത്തിനുള്ള ഇറാഖിലെ സ്ഥാപനങ്ങളിൽ 84 ശതമാനവും ഇതിനകം തകർക്കപ്പെട്ടിരിക്കുന്നു. ആർക്കൈവുകൾ പലതും അഗ്നിക്കിരയായി. 2004 വരെ മാത്രം ആയിരം ഇറാഖി ശാസ്ത്രജ്ഞർ കൊല ചെയ്യപ്പെട്ടതായി *അൽജസീറ* ചാനൽ റിപ്പോർട്ട് ചെയ്യുക യുണ്ടായി. കൊല നടത്തുന്നത് ഏതെങ്കിലും തീവ്രവാദി ഗ്രൂപ്പ് ആയിരിക്കുമെങ്കിലും, അതിന്റെ പിന്നിൽ അധിനിവേശകരുടെ കൃത്യമായ ആസൂത്രണമുണ്ട്. അക്കാദമീഷ്യന്മാരിൽ മിക്കവരും നാടു വിട്ടുകഴിഞ്ഞു. അവശേഷിക്കുന്നവർ ഏതു നിമിഷവും മരണം വന്നെത്തുമെന്ന കടുത്ത ഭീതിയിൽ കഴിയുന്നു.

സ്ഥിതിവിവര കണക്കുകൾ നിരത്തിയാണ് ഇറാഖിന്റെ ബൗദ്ധിക-സാംസ്കാരിക സമ്പത്ത് എങ്ങനെ നശിപ്പിക്കപ്പെടുന്നു എന്ന് ചിത്രീകരിച്ചിരിക്കുന്നത്. പലർ ചേർന്നെഴുതിയ ലേഖനങ്ങളുടെ സമാഹാരമാണിത്. റെയ്മണ്ട് ഡബ്ല്യു ബേക്കർ, ഷെറീൻ ഇസ്മാഈൽ, താരിഖ് ഇസ്മാഈൽ എന്നി വരാണ് എഡിറ്റർമാർ. പേജ് 300. പ്രസാധകർ: പ്ലൂട്ടോ പ്രസ് (ലണ്ടൻ, ന്യൂയോർക്ക്). ■